# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -1924 15.07.2016 ൽ മറുപടിയ്ക്ക്

**ഭൂഗർഭ ജലവിതാനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം :** | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പരമ്പരാഗത ജല സ്രോതസ്സുകളായ നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിച്ച് ഭൂഗർഭ ജലവിതാനം ഉയർത്തു ന്നതിനെക്കുറിച്ച് ആലോചിക്കു ന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) ജലസേചന വകുപ്പിന് കീഴിൽ പരമ്പരാഗത ജലസ്രോതസ്സുകളായ നദികളും നീർ ച്ചാലുകളും തോടുകളും സംരക്ഷിക്കു ന്നതിനായി അവയിൽ തടയണ, വി.സി.ബി എന്നിവ നിർമ്മിച്ചു വരുന്നു. ഇതുവഴി ഇവയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക, വേനൽക്കാലത്ത് സ്വാഭാവിക നീരൊഴുക്ക് കുറച്ചെങ്കിലും നിലനിർത്തുക, സമീപ പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ഉയർത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്. 190 തടയണകൾ നിർമ്മിക്കുന്നതിന് 111.00 കോടി രൂപ അനുവദിച്ചതിൽ 45 തടയണ പൂർത്തിയായി. 131 എണ്ണം പുരോഗതിയിലാണ്.<br><br>ഭൂജല വകുപ്പിന് കീഴിൽ ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്ന കിണർ മുഖേനയുള്ള ഭൂജല സംപോഷണം എന്നിവ വകുപ്പ് നടപ്പാക്കി വരുന്നു. ഈ സാമ്പത്തിക വർഷം 40.00 ലക്ഷം രൂപ ഇതിനായി വകയിരു |

ത്തിയിട്ടുണ്ട്. ഭൂജല സംപോഷ ണത്തിനും സംരക്ഷണത്തിനുമായി പൊതുജനങ്ങളിൽ അവബോധം നല്കുന്ന തിനായി ബോധ വൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ, കൈ പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ